കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി 3-407/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി.28/05/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : - കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി3-407/2020 തീയതി, 28.05.2020

.
.

## ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്

## 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 06.12.2018 മുതൽ 10.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, 06.12.2018 മുതൽ 31.12.2019 വരെ അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സന്തോഷ് കെ.വി.<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 13.01.2020മുതൽ 23.01.2020 വരെ | ശ്രീമതി.സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.ദീപാ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 13.01.2020മുതൽ 22.01.2020 വരെ | ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ലക്ഷ്മീകാന്ത് പി, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീ.ജിമ്മി വി.കൈപ്പള്ളി | 01.04.2018 മുതൽ 31.03.2019 വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീമതി.സിന്ദു ബാലകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.അല്ലിറാണി.എസ് | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീ. അജിത് കുമാർ .ആർ | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.അമ്പിളി. ആർ | 01.04.2018മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീ. റോഷിൻ .ആർ | 01.04.2018മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.സുനിൽ കുമാർ.ആർ | 01.04.2018മുതൽ 31.03.2019വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.വിനയ കുമാർ | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ബിന്ദു റ്റി.എസ് | 01.04.2018മുതൽ 31.03.2019വരെ |
| 4 | വി.ഇ.ഒ | ശ്രീ. അജിത് .പി | 01.04.2018മുതൽ 31.03.2019വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ലാവണ്യ രോഹിത് | 01.04.2018മുതൽ 31.03.2019വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എൻ.സുനിൽ കുമാർ | 01.04.2018മുതൽ 31.03.2019വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശ്രീനി.ആർ | 01.04.2018മുതൽ 31.03.2019വരെ |
| 8 | ഹെഡ്മാസ്റ്റർ (ഗവ.യു.പി.എസ്. മഹാദേവികാട്) | ശ്രീമതി.നസീന.എ | 01.04.2018മുതൽ 31.03.2019വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. രാജൻ.സി | 01.04.2018 മുതൽ 05.03.2019 FN വരെ |
| | | ശ്രീ. എസ് രജേന്ദ്രൻ | 05.03.2019 AN മുതൽ 31.03.2019 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഉഷാകുമാരി.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ഗീത എസ് | 01.04.2018 മുതൽ 30.09.2018 വരെ |
| | | ശ്രീ.കൃഷ്ണകുമാർ | 01.10.2018 മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) |

| | | |
|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസിൽ പിഴ ഈടാക്കിയിട്ടില്ല |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കിയത്തിലെ അപാകതകൾ |
| 14 | 1-14 | വസ്തുനികുതി- കെട്ടിടത്തിന്റെ ഉപയോഗം തെറ്റായി രേഖപ്പെടുത്തിയതുമൂലം നികുതി നിർണ്ണയത്തിൽ കുറവ് |
| 15 | 1-15 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 16 | 1-16 | താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർകുറവ് വരുത്തിയിരുന്നില്ല- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി-ഓഡിറ്റ് ഇംപാക്ട് |
| 17 | 1-17 | സമയപരിധിയ്ക്കുള്ളിൽ കരാർ ചമയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി-ഓഡിറ്റ് ഇംപാക്റ്റ് |
| 18 | 1-18 | ആയുർവേദ ഡിസ്പെൻസറിയിലെ മരുന്ന് - സ്റ്റോക്കിൽ കുറവ് |
| 19 | 1-19 | ആരോഗ്യ ജാഗ്രത മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ -രേഖകൾ പൂർണ്ണമല്ല |
| 20 | 1-20 | തെങ്ങ് കൃഷിയ്ക്ക് ജൈവവളവും കുമ്മായ വിതരണവും - യൂണിറ്റ് കോസ്റ്റിൽ അധികരിച്ച വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് അധിക ചെലവ് |
| 21 | 1-21 | ഓർഗാനിക് മാന്വവർ - ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് അധിക ചെലവ് |
| 22 | 1-22 | പാലിയേറ്റീവ് കെയർ (വയോജനങ്ങൾക്ക് മരുന്ന്,പോഷകാഹാരം നൽകൽ) -പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ |
| 23 | 1-23 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.നടപ്പാക്കിയ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല |
| 24 | 1-24 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യഥാസമയം യോഗം ചേരുന്നില്ല |
| 25 | 1-25 | എയറോബിക് കമ്പോസ്റ്റ് നിർമ്മാണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 26 | 1-26 | വാർഡ് 6, തളിക്കശ്ശേരിൽ റോഡിൽ ഓട നിർമ്മാണം-ടെണ്ടർ നടപടികളിലെ അപാകതകൾ |
| 27 | 1-27 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ |
| 28 | 1-28 | മഹാദേവികാട് യു.പി.സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ആവിഷ്കരിച്ച പ്രോജക്ട് |
| 29 | 1-29 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല |

| | | |
|---|---|---|
| 30 | 1-30 | വെറ്ററിനറി സർജൻ നടപ്പാക്കിയ കാലിത്തീറ്റ വിതരണം പ്രോജക്ട്-രേഖകൾ ഹാജരാക്കിയില്ല |
| 31 | 1-31 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിച്ചിട്ടില്ല |
| 32 | 1-32 | ലൈഫ് ഭവന പദ്ധതി- അവലോകനം |
| 33 | 1-33 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 35 | 3-1 | തെങ്ങ് കൃഷിയ്ക്ക് ജൈവവളവും കുമ്മായ വിതരണവും - യൂണിറ്റ് കോസ്റ്റിൽ അധികരിച്ച വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് അധിക ചെലവ് |
| 36 | 3-2 | ഓർഗാനിക് മാന്വവർ - ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് അധിക ചെലവ് |
| 37 | 3-3 | പാലിയേറ്റീവ് കെയർ (വയോജനങ്ങൾക്ക് മരുന്ന്,പോഷകാഹാരം നൽകൽ) -പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ |
| 38 | 3-4 | വാർഡ് 6, തളിക്കശ്ശേരിൽ റോഡിൽ ഓട നിർമ്മാണം-ടെണ്ടർ നടപടികളിലെ അപാകതകൾ |
| | ഭാഗം 4 | |
| 39 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 40 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 41 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 206286460 | 205696626 |
| വാർഷിക കണക്ക് പ്രകാരം | 74833215 | 71138867 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 11.04.2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ –എ.എൽ.പി/പി3-533/2019 തീയതി :27.06.2019 | വിശേഷണങ്ങളോടു കൂടിയത്. |

വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. അപാകതകൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5170950 |
| വരവ് | 74833215 |
| ആകെ | 80004165 |
| ചെലവ് | 71138867 |
| നീക്കിയിരിപ്പ് | 8865298 |

### 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14420085 | 14420085 | 12574094 | 1845991 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2428000 | 2428000 | 2321480 | 106520 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 58000 | 58000 | 55449 | 2551 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7093000 | 7093000 | 7091971 | 1029 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2948000 | 2948000 | 2595741 | 352259 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6701000 | 6701000 | 5544733 | 1156267 |

### 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 137 | 93476176 | 106 | 59069924 | 8 | 23 | 77.4 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10596 | 459759 | 470355 | 444837 | 25518 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 57702892 | 57702892 | 57702892 | 0 |
| ആകെ | 10596 | 58162651 | 58173247 | 58147729 | 25518. |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 224760 | 108 |
| കർഷകതൊഴിലാളി പെൻഷൻ | 3073900 | 256 |
| വിധവാപെൻഷൻ | 9508900 | 779 |
| വാർദ്ധക്യകാലപെൻഷൻ | 16720300 | 1488 |
| വികലാംഗപെൻഷൻ | 2883600 | 234 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1105800 | 86 |
| വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44166/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിന് 31.01.2019 ൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

**അക്കൗണ്ടിംഗ് സംവിധാനം:** സാഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്. വികസനഫണ്ട് (ജനറൽ) യഥാർത്ഥ വരവ് 14440000/- രൂപയും ചെലവ് 12594009/- രൂപയുമാണ്. ഇതിൽ 19915/- രൂപ വെള്ളക്കര കുടിശിക ഇനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്തതാണ് എന്നാൽ പ്രസ്തുത തുക ഉൾപ്പെടുത്താതെ ആണ് വാർഷിക കണക്കിൽ ഈ ഇനത്തിലെ വരവും ചിലവും (12574094) നിർണയിച്ചിട്ടുള്ളത്. വാർഷിക കണക്കു യഥാർത്ഥ സാമ്പത്തിക നില പ്രതിഫലിപ്പിക്കുന്നുണ്ടെന്ന ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**സകർമ്മ സോഫ്റ്റ്‌വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്:** സകർമ്മ സോഫ്റ്റ്‌വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയട്ടില്ല. നിലവിൽ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് (എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്).

**സ്റ്റോക്ക് രജിസ്റ്റർ:**സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാങ്ങിയ പ്രിന്ററും സ്കാനറും (പ്രോജക്ട് നം.75/19) സ്റ്റോക്കിലെടുത്തിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.2020 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.01.2014 to 14.02.2014 | 08/2009 to 12/2013 | 28.03.2014 |

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസിൽ പിഴ ഈടാക്കിയിട്ടില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 10 ൽ നിശ്ചിത സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കണമെന്നും ചട്ടം 19 ൽ വൈകി സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും 25% അധിക ഫീസ് ഈടാക്കാമെന്നും നിഷ്കർഷിക്കുന്നു, എന്നാൽ നിശ്ചിത കാലാവധിക്കുശേഷം ഈ ചട്ടത്തിലെ 111-ാം പട്ടിക പ്രകാരമുള്ള ആവശ്യങ്ങൾക്ക് ലൈസൻസ് പുതുക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകരിൽ നിന്നും ചട്ടം വ്യവസ്ഥപ്പെടുത്തും പ്രകാരം അധിക ഫീസ് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 7 തീയതി 21-01-2020) നല്കിയ മറുപടിയിൽ, ചട്ടം 19 പ്രകാരമുള്ള അധിക ഫീസ് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുമെന്ന അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

### 1-13 തൊഴിൽ നികുതി ഈടാക്കിയത്തിലെ അപാകതകൾ

2018-19ലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | വലിയക്കുളങ്ങര ക്ഷീരോൽപാദക സഹകരണ സംഘം | രണ്ട് അർദ്ധവർഷങ്ങളിലും |
| 2 | പ്രശാന്തി ആയുർവേദ ഫാർമസി | രണ്ട് അർദ്ധ വർഷങ്ങളിലും |
| 3 | ജയകൃഷ്ണ ഫാർമസി | രണ്ട് അർദ്ധ വർഷങ്ങളിലും |
| 4 | പഞ്ചായത്ത് പരിധിക്കുള്ളിലെ റേഷൻ കടകൾ | രണ്ട് അർദ്ധ വർഷങ്ങളിലും |

ഓഡിറ്റ് അന്വേഷണത്തിൽ (നം: 4,തീയതി 21/01/2020) നല്കിയ മറുപടിയിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-14 വസ്തുനികുതി- കെട്ടിടത്തിന്റെ ഉപയോഗം തെറ്റായി രേഖപ്പെടുത്തിയതുമൂലം നികുതി നിർണ്ണയത്തിൽ കുറവ്

ശ്രീ. അൻസാരി സൈനുദ്ദീൻ, കണിയാന്റയ്യത്ത്, ചിങ്ങോലി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാർഡ് നം.10 ലെ 70 ച.മീറ്റർ വിസ്തീർണ്ണമുള്ള 55-ാം നമ്പർ കെട്ടിടം സ്പെയർപാർട്ട്സ് വിൽപ്പനകേന്ദ്രം നടത്തുന്നതിന് (ബുള്ളറ്റ് സോൺ) ഉപയോഗിച്ച് വരുന്നതായി ലൈസൻസ് ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ സഞ്ചയ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം ഈ കെട്ടിടത്തിന് 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾക്ക് ഈടാക്കുന്ന നിരക്കായ 50/- രൂപയ്ക്ക് പകരം കെട്ടിടത്തിന്റെ ഉപയോഗം ആശുപത്രിയുടെ ഗണത്തിൽപ്പെടുത്തി ഒരു ച.മീറ്ററിന് 8/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/20.01.2020) ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ഒക്യുപൻസി മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസൃതമായ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-15 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2018-19 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ കരാറുകാർ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കുവരുത്തിയ 14318/- രൂപ ഇതേ വരെയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തികളുടെ എണ്ണം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക. |
|---|---|---|
| 2018-19 | 11 | 14318 |

ടെന്റർഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർകുറവ് വരുത്തിയിരുന്നില്ല- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി-ഓഡിറ്റ് ഇംപാക്ട്

**1.മുട്ടുങ്കൽ പാലം-തണ്ടാൻകാട്ടിൽ റോഡ് ടാറിംഗ്(S0138/19)**

ടി പ്രവൃത്തിയ്ക്കായി പുരുഷോത്തമൻ എന്ന കരാറുകാരന്റെ 0.25% കുറവായ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ ഇപ്രകാരമുള്ള ടെണ്ടർ കുറവ് വരുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ടെണ്ടർ കുറവ് വരുത്താത്തത് കാരണം 1082/- രൂപ (432706x0.25%) അധികമായി ചെലവഴിച്ചു.

**2.സൊസൈറ്റി പിള്ളക്കടവ് റോഡിനുവടക്കുവശം ഓട നിർമ്മാണം(S0158/18)**

ടി പ്രവൃത്തിയ്ക്കായി മനോഹരൻ എന്ന കരാറുകാരന്റെ 6.1% കുറവായ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ ഇപ്രകാരമുള്ള ടെണ്ടർ കുറവ് വരുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ടെണ്ടർ കുറവ് വരുത്താത്തത് കാരണം 4731/- രൂപ (77550x6.1%) അധികമായി ചെലവഴിച്ചു.
ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം. 25/23.01.2020) തുടർന്ന് മേൽ പറഞ്ഞ 5813/- രൂപ രസീത് നം. (102103/27.01.2020 – 1082, 102104/27.01.2020 – 4713) പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി.

## 1-17 സമയപരിധിയ്ക്കുള്ളിൽ കരാർ ചമയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി-ഓഡിറ്റ് ഇംപാക്ട്

2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) (ജി.ഒ(പി)13/2012 /പി.ഡബ്ല്യു.ഡി/തീയതി.01.02.2012 നമ്പർ ഉത്തരവ്) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം-1000, മാക്സിമം-25000) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും ടി വ്യക്തികളിൽ നിന്നും പിഴ ഈടാക്കിയിരുന്നില്ല

**1.ഇല്ലിക്കുളം റോഡ് ഗ്രാവലിംഗ്,മെറ്റലിംഗ്,ടാറിംഗ്**

ടി പ്രവൃത്തിയ്ക്കായി ശ്രീകുമാർ.ഡി എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിരുന്നു. 08.02.18ലെ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ ചമയ്ക്കേണ്ടിയിരുന്നത് 15.02.18 വരെയായിരുന്നു. എന്നാൽ ഇവിടെ കരാർ ചമച്ചത് 12.03.18ൽ മാത്രമാണ്. പി.എ.സി യുടെ 1% തുകയായ 6150/- രൂപ കരാറുകാരനിൽ നിന്നും പിഴയായി ഈടാക്കിയിരുന്നില്ല.

**2. പുളിമൂട്ടിൽ കൊട്ടാരം റോഡ് മെറ്റലിംഗും ടാറിംഗും, വാർഡ് 1(S0069/18)**

ടി പ്രവൃത്തിയ്ക്കായി കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിരുന്നു. സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ ചമയ്ക്കേണ്ടിയിരുന്നത് 10.01.2018 വരെയും പിഴയോടെ 17.01.18 വരെയുമാണ്, എന്നാൽ കരാർ ചമച്ചത് 20.01.18 ലാണ്. പി.എ.സി യുടെ 1% തുകയായ 3426/- രൂപ കരാറുകാരനിൽ നിന്നും പിഴയായി ഈടാക്കിയിരുന്നില്ല.

**3. പുളിക്കീഴ് മുതൽ ഇടയിലവീട് വരെ റോഡ് ടാറിംഗ്(S0116/18)**

ടി പ്രവൃത്തിയ്ക്കായി പ്രമോദ്, ഇട്ടികാട്ടിൽ എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിരുന്നു. സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ ചമയ്ക്കേണ്ടിയിരുന്നത് 10.01.2018 വരെയും പിഴയോടെ 17.01.18 വരെയുമാണ്, എന്നാൽ കരാർ ചമച്ചത് 22.01.18 ലാണ്. പി.എ.സി യുടെ 1% തുകയായ 5315/- രൂപ കരാറുകാരനിൽ നിന്നും പിഴയായി ഈടാക്കിയിരുന്നില്ല .

4. പുളിക്കാശ്ശേരിൽ കോളനി നടവഴി കോൺക്രീറ്റിംഗ്(s0056/18)

സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ ചമയ്ക്കേണ്ടിരുന്നത് 10.01.2018 വരെയും പിഴയോട് കുടി 17.01.18 വരെയുമായിരുന്നു. എന്നാൽ കരാർ ചമച്ചത് 15.01.18 ലാണ്. പി.എ.സി യുടെ 1% തുകയായ 1618/- രൂപ കരാറുകാരനിൽ നിന്നും പിഴയായി ഈടാക്കിയിരുന്നില്ല .

പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 16509/- രൂപ ഓഡിറ്റ് അന്വേഷണത്തെ (നം. 26/23.01.2020, 30/23.01.2020) തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. ഒടുക്കിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | രസീത് നം. | തീയതി |
|---|---|---|
| 1 | 6150 | 102105/27.01.2020 |
| 2 | 3426 | 102106/27.01.2020 |
| 3 | 5315 | 102107/27.01.2020 |
| 4 | 1618 | 102108/27.01.2020 |

## 1-18 ആയുർവേദ ഡിസ്പെൻസറിയിലെ മരുന്ന് - സ്റ്റോക്കിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആയുർവേദ ഡിസ്പെൻസറിയിൽ എൻ.ആർ.എച്ച്.എം. ഡോക്ടറും ഗ്രാമപഞ്ചായത്ത് നിയമിച്ച അറ്റൻഡറുമാണ് ഉണ്ടായിരുന്നത്. കുമാരപുരം ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസറാണ് ആയുർവേദ മേഖലയിലെ പഞ്ചായത്തു പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥൻ. പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകളുടെ സ്റ്റോക്കിലുണ്ടായ കുറവിനെ തുടർന്നുണ്ടായ പ്രശ്നങ്ങളാൽ അറ്റൻഡർ ആത്മഹത്യ ചെയ്യുകയും തുടർന്ന് പ്രസിഡന്റ്, അദ്ദേഹം നിർദ്ദേശിച്ച രണ്ട് പ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി, വിടുതൽ ചെയ്ത എൻ.ആർ.എച്ച്.എം. മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, അദ്ദേഹം ചുമതലപ്പെടുത്തിയ ടീമിന്റേയും നേതൃത്വത്തിൽ 22.11.19 ൽ ആശുപത്രിയിൽ ഭൗതിക പരിശോധന നടത്തുകയുണ്ടായി. ഇതിൻ പ്രകാരം പരിശോധനാ തീയതി വരെ ലഭിച്ച ഇൻവോയ്സുകൾ മെയൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും മരുന്നുകൾ സൂക്ഷിച്ചിരുന്ന ഭൂരിഭാഗം കാർട്ടനുകളുടെ പുറത്തും കമ്പിനി പതിപ്പിച്ചിരുന്ന ടേപ്പിൽ നിന്നും വ്യത്യസ്ഥമായ ടേപ്പുകൾ പതിപ്പിച്ചിരുന്നതായും പല കാർട്ടനുകളിലും കമ്പനി പുറത്ത് ഒട്ടിച്ചിരുന്ന നിർദ്ദിഷ്ട ലേബലിൽ നിന്നും വ്യത്യസ്ഥമായ മരുന്നുകൾ സൂക്ഷിച്ചിരിക്കുന്നതായും പല കുപ്പികളും ശൂന്യമായും ചില കുപ്പികളിൽ നിർദ്ദിഷ്ട മരുന്നിന് പകരമായി മരുന്നല്ലാത്ത മറ്റെന്തോ ദ്രവകം നിറച്ചതായും ചില കാർട്ടനുകളിൽ രണ്ട് തട്ടുകളിലായി മരുന്നുകൾ വെച്ചതിൽ മുകൾ ഭാഗത്തെ നിര കൃത്യമായും മരുന്നുകൾ ഉള്ളവയും താഴത്തെ നിരയിൽ മുഴുവൻ ഉപയോഗശൂന്യമായ കുപ്പികളും കണ്ടെത്തിയിരുന്നതായാണ് അറിയിച്ചിട്ടുള്ളത്. പാലിയേറ്റീവ്കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നൽകിയ 3696/- രൂപയുടെ മരുന്നുകളും, വൃദ്ധജനപരിപാലനം പ്രോജക്ടിനായി നൽകിയ 15851/- രൂപയുടെ മരുന്നുകളും, ആയുർവേദശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിനായി നൽകിയ 73933.50 രൂപയുടെ മരുന്നുകളും ഉൾപ്പെടെ ആകെ 93480.50രൂപയുടെ മരുന്നുകൾ സ്റ്റോക്കിൽ കുറവുള്ളതായി കണ്ടെത്തുകയുണ്ടായിണ്ട്. മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ലഭിച്ച ഇൻവോയ്സുകളുടെ വിശദാംശംങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏത് വർഷം ലഭിച്ച

മരുന്നാണ് സ്റ്റോക്കിൽ കുറവായിട്ടുള്ളതെന്ന് കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ സ്റ്റോക്കിൽ കുറവുള്ള 93480.50 രൂപയുടെ മരുന്ന് ഏത് വർഷം വാങ്ങിയതാണെന്ന ഉറപ്പാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.12.19 ലെ 9(2) -ാം നമ്പർ തീരുമാനപ്രകാരം ഡിസ്പെൻസറിയിലെ മരുന്ന് വിതരണം തുടർന്ന് നടത്തുന്നത് സംബന്ധിച്ച് ജനപ്രതിനിധികളുടെ അഭിപ്രായം ആരാഞ്ഞതിൽ ഹാജരായ 13 ആംഗങ്ങളിൽ 9 പേരും നിലവിലുള്ളമരുന്നിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താതെ ഉപയോഗിക്കേണ്ടതില്ലന്നും വിതരണത്തിനായി പുതിയ മരുന്ന് ലഭ്യമാക്കണമെന്നും അഭിപ്രായപ്പെടുകയുണ്ടായി.ഡി.എം.ഒ. യുടെ നേതൃത്വത്തിൽ ഡോക്ടറൻമാരും ഫാർമസിസ്റ്റുമാരും അടങ്ങുന്ന സംഘം 22.11.19 ൽ ഭൗതികമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ മരുന്നിന്റെ ഗുണനിലവാരത്തിൽ സംശയിക്കേണ്ടതില്ലന്നും മരുന്നിന്റെ ഗുണനിലവാരം വീണ്ടും പരിശോധിച്ചുറപ്പാക്കാൻ വേണ്ടി വരുന്ന കാലയളവിൽ നിലവിലെ സ്റ്റോക്കിലുള്ള കൂടുതൽ മരുന്നുകൾ ഉപയോഗശൂന്യമായി പദ്ധതിപ്പണം പാഴാകാൻ സാധ്യതയുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥനായ കുമാരപുരം മെഡിക്കൽ ഓഫീസർ അറിയിച്ചുവെങ്കിലും ഭൂരിപക്ഷം അംഗങ്ങളുടേയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഡിസ്പെൻസറിയിൽ പുതിയ മരുന്ന് ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനോട് ഭരണസമിതി നിർദ്ദേശിക്കുകയുണ്ടായി. ചില കുപ്പികളിൽ നിർദ്ദിഷ്ട മരുന്നിന് പകരമായി മരുന്നല്ലാത്ത മറ്റെന്തോ ദ്രാവകം നിറച്ചതായി ഡി.എം.ഒ.യുടെ അന്വേഷണത്തിൽ ബോധ്യപ്പെട്ട സാഹചര്യത്തിലും സ്റ്റോക്കുള്ള മരുന്നുകൾ ഉപയോഗിക്കുന്നതിന് ഭൂരിപക്ഷം പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾക്കും വിയോജിപ്പുള്ളതിനാലും വിഷയം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം വാങ്ങി സർക്കാർ തീരുമാനത്തിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്കിൽ കുറവുള്ള മരുന്നുകളുടെ വില എൻ.ആർ.എച്ച്.എം. ഡോക്ടറിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 1-19 ആരോഗ്യ ജാഗ്രത മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ -രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം. -S0071/19

അടങ്കൽ -65000 (വികസനഫണ്ട്)

ചെലവ് -55971

മഴക്കാല രോഗങ്ങൾ തടയുന്നതിന് വാർഡ് തല ശുചീകരണപ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യം മുൻനിർത്തി മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്ടാണ് "ആരോഗ്യ ജാഗ്രത-മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ". ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. തീയതി | തുക | ഇനം, തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 12/18-19 25.10.18 | 13356 | മൾട്ടികളർ നോട്ടീസ്/02.08.18 (അവണകുളം ഓഫ് സെറ്റ്) | 8000 നോട്ടീസ് അച്ചടിച്ചിട്ടുണ്ട്. എന്നാൽ വിതരണ വിവരമില്ല |
| 2 | 17/18-19 22.01.19 | 34160 | കലണ്ടർ (അവണകുളം ഓഫ് സെറ്റ്) 11.01.19 | 4000 കലണ്ടർ അച്ചടിച്ചിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും വിതരണം നടത്തിയതിന്റെയും വിവരമില്ല. |

| | | | | |
|---|---|---|---|---|
| 3 | 22/18-19<br>22.02.19 | 7255<br>(3300+3955) | ക്ലീനിംഗ് മറ്റീരിയൽസ് (എസ്.എസ്.ട്രേഡേഴ്സ്)<br>വൗച്ചർനം.26&27/<br>തീയതി 16.01.19 | Harpic,Lyzole,Bathroom cleaning brush തുടങ്ങിയവ ഉപയേഗിച്ച് നടത്തിയ വാർഡ്തല ശുചീകരണ പ്രവർത്തനത്തിന്റെ മസ്റ്റർ റോൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | 23/18-19<br>16.03.19 | 1200 | കുടിവെള്ളം (ഉല്ലാസ് കുമാർ) kenza marketing,Eruva,Kayamkulam<br>06.10.18 | |
| 5 | Q Bill | 8000 | 1.ആരോഗ്യ ജാഗ്രത നോട്ടീസ്-6000/-(6000എണ്ണം,ശ്രീരതാ പ്രിന്റേഴ്സ്,ഹരിപ്പാട്-25.03.2019)<br>2.PHCയിലെ സെപ്റ്റിക് ടാങ്കിന്റെ മൂടി ഇട്ട ചെലവ്- 2000/- | 2019-20 ൽ ഈ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. |

പ്രൊക്യൂർമെന്റ് മാന്വൽ 2010 (ജി.ഒ.(പി) നം. 259/2010 എൽ.എസ്.ജി.ഡി തീയതി 08.11.2010) ഖണ്ഡിക 3-2 പ്രകാരം എസ്റ്റിമേറ്റ് തുക 25000 രൂപയ്ക്ക് മുകളിൽ 100000രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെൻഡറിങ് നടത്തേണ്ടതാണ്. എന്നാൽ 34160 രൂപയുടെ കലണ്ടർ അച്ചടിച്ചതിന് പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ (നം. 16 തീയതി. 22.01.2020) ക്വട്ടേഷൻ ക്ഷണിച്ചതായുള്ള രേഖകൾ ഹാജരാക്കി. എന്നാൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി, പ്രൊക്യൂർമെന്റ് കമ്മറ്റി എന്നിവയിൽ തീരുമാനം/അംഗീകാരം എടുത്തിട്ടുമില്ല. അതിനാൽ പ്രസ്തുത രേഖകൾ അംഗീകരിക്കാനാവില്ല. കൂടാതെ പ്രോജക്ടിനായി വകയിരുത്തിയ ഭൂരിഭാഗം തുകയും നോട്ടീസ്/കലണ്ടർ പ്രിന്റിംഗിനാണ് ചെലവഴിച്ചിരിക്കുന്നത്. ഇവ സ്റ്റോക്കിലെടുത്തിട്ടുമില്ല. പ്രവർത്തകർ തന്നെ ഇവ വിതരണം ചെയ്തു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ച സ്കൂളുകൾ ശുചിയാക്കുന്നതിനാണ് ക്ലീനിംഗ് മെറ്റീരിയൽസ് ഉപയോഗിച്ചതെന്നും ശുചീകരണം ക്യാമ്പിൽ താമസിച്ചിരുന്നവർ തന്നെ ചെയ്തു എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും സ്റ്റോക്കിൽ ചേർത്തിട്ടില്ലാത്തതിനാലും ശുചീകരണ സാമഗ്രികൾ എന്നാണ് വാങ്ങിയത് എന്ന് പരിശോധിക്കാനായില്ല. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നതാവട്ടെ 8/18, 9/18 മാസങ്ങളിലും. ക്ലീനിംഗ് മെറ്റീരിയൽസിന്റെ വൗച്ചറുകളാവട്ടെ 01/19 ലേതുമാണ് (വൗച്ചർ നം. 21800226 തീയതി. 18.07.18).

പി.എച്ച്.സി.യിലെ സെപ്റ്റിക് ടാങ്കിന്റെ മൂടി ഇട്ട ചെലവ് ഈ പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവഴിച്ചതും(2000/-) ക്രമപ്രകരമല്ല.

മഴക്കാല പൂർവ്വ ശുചീകരണം എന്നാണ് പദ്ധതിയുടെ പേരെങ്കിലും ഈ ആവശ്യത്തിനല്ല തുക ചെലവഴിച്ചത് എന്ന് വ്യക്തം. 10/18, 01/19, 3/19 മാസങ്ങളിലെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഈ ചെലവുകൾ കൂടാതെ ആരോഗ്യ ജാഗ്രതാപ്രവർത്തനങ്ങൾക്കായി വാർഡ് തല സാനിട്ടേഷൻ സമിതിക്ക് 1,30,000/- (13x10000) രൂപ നൽകിയിട്ടുമുണ്ട്. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി കൃത്യമായ വൗച്ചറുകളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതും ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക്

ക്ഷണിക്കുന്നു.

## 1-20 തെങ്ങ് കൃഷിയ്ക്ക് ജൈവവളവും കുമ്മായ വിതരണവും - യൂണിറ്റ് കോസ്റ്റിൽ അധികരിച്ച വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0009/19 |
| അടങ്കൽ | 5,20,000/- (3,90,000{വികസന ഫണ്ട് സാധാരണ വിഹിതം}+ 1,30,000{ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത്}) |
| | ബിൽ നമ്പർ - 3/15.11.18 – 3,00,000 |
| | ബിൽ നമ്പർ - 4/31.12.18 – 90,000 |
| | ചെക്ക് നമ്പർ - 2313654/24.11.18 – 1,00,000 |
| | ചെക്ക് നമ്പർ - 2303303/5.2.19 – 30,000 |
| നിർവ്വഹണം | കൃഷി ഓഫീസർ |

പ്രോജക്റ്റിലുൾപ്പെടുത്തി 3250 kg ലൈം (3250 x12 = 39,000) 16029 kg ബോൺ മീൽ (16029 x30 = 480870) എന്നിവ കെയ്കോ തിരുവല്ലയിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ.ഉ.(കൈ) 22/18/തസ്വഭവ തീയതി. 14.2.18 ഖണ്ഡിക 6.1.1 പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതും ജനറൽ വിഭാഗത്തിന് പരമാവധി 75% സബ്സിഡി അനുവദിക്കാവുന്നതുമാണ്. യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച കൊണ്ടുള്ള ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 3.4.2018 ലെ ഉത്തരവ് നമ്പർ 2895/2018/ഡി.പി.സി./ഡിപിഒ/എഎൽപി പ്രകാരം ലൈം 1 കിലോഗ്രാമിന് 9.5/- രൂപയാണ് നൽകാവുന്നത്. എന്നാൽ കെയ്കോയിൽ നിന്ന് കിലോഗ്രാമിന് 12/- രൂപയ്ക്കാണ് ലൈം വാങ്ങിയത്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുക വഴി 8125/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 19/22.1.2020 നുള്ള മറുപടിയിൽ പ്രോജക്റ്റിലുൾപ്പെടുത്തി ബേൺഡ് ലൈം ആണ് നൽകിയതെന്നും ജില്ലാ ആസൂത്രണസമിതിയുടെ ലിസ്റ്റിൽ ലൈം ആണ് ഉൾപ്പെട്ടിരിക്കുന്നതെന്നും കൃഷി വകുപ്പിന്റെ സബ്സിഡി നൽകുന്നതിനായി ബേൺഡ് ലൈം നൽകുന്നത് ഇതേ റേറ്റിലാണെന്നും ബേൺഡ് ലൈമിന്റെ വില ആസൂത്രണസമിതി നിശ്ചയിക്കാത്തതുകൊണ്ടുണ്ടായ പിഴവാണിതെന്നുമാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. വളങ്ങളുടേയും കീടനാശിനികളുടേയും പച്ചക്കറി വിത്തുകളുടേയും തൈകളും ഓരോ ജില്ലയിലും ഓരേ നിരക്കിൽ ലഭിക്കാതിരിക്കുന്നതിനാലാണ് ഇവയുടെ റേറ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കാൻ സർക്കാർ അനുവദിച്ചിരിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പേജ് 151 ലെ രേഖപ്പെടുത്തൽ പ്രകാരം ലൈം ആണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. കെയ്കോയുടെ V-507A/18-19 തീയതി. 27.11.18 നമ്പർ ഇൻവോയ്സിലും ലൈം

എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ചെലവഴിച്ച തുക - 3250 x12 = 39,000 (29250 പ്ലാൻ ഫണ്ട് + 9750 ഗുണഭോക്തൃവിഹിതം)

ചെലവഴിക്കാവുന്ന തുക – 3250x9.5= 30,875(23156.25 പ്ലാൻ ഫണ്ട് + 7718.75 ഗുണഭോക്തൃവിഹിതം)

അധികം – 39000 –30875 =8125 (പ്ലാൻ ഫണ്ട് 6093.75 +ഗു.വി 2031.25)
അധികമായി ചെലവഴിച്ച 8125/- രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഓർഗാനിക് മാന്വവർ - ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് അധിക ചെലവ്

സ.ഉ.(കൈ) 22/18/തസ്വഭവ തീയതി. 14.2.18 ഖണ്ഡിക 6.1.1 പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതും ജനറൽ വിഭാഗത്തിന് പരമാവധി 75% സബ്സിഡി അനുവദിക്കാവുന്നതുമാണ്. യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച കൊണ്ടുള്ള ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 3.4.2018 ലെ ഉത്തരവ് നമ്പർ 2895/2018/ഡി.പി.സി./ഡിപിഒ/ എഎൽപി പ്രകാരം ഓർഗാനിക് മെനവർ 1 കിലോഗ്രാമിന് 15 – 20/- രൂപ വരെയാണ് നൽകാവുന്നത്. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിലുൾപ്പെടുത്തി കെയ്ക്കോയിൽ കിലോഗ്രാമിന് 30/- രൂപയ്ക്കാണ് ഓർഗാനിക് മെനവർ വാങ്ങിയത്. ഇപ്രകാരം ജില്ലാതലത്തിൽ നിശ്ചയിച്ച നിരക്കിൽ അധികരിച്ച് വാങ്ങൽ നടത്തിയതു വഴി 39406/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. കൂടാതെ പച്ചക്കറി കൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ പച്ചക്കറി വിത്തുകൾ പൂർണ്ണമായി വിതരണം ചെയ്യാതിരിക്കുക വഴി 4500/- രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

**1. ടിഷ്യൂകൾച്ചർ വാഴയുടെ നടീൽവസ്തു വിതരണം**

പ്രോജക്ടിലുൾപ്പെടുത്തി 2500 നേന്ത്രവാഴ കന്നുകൾ ജില്ലാ കൃഷി ഫാമിൽ നിന്നും (2500x20 = 50000) 1000kg ഓർഗാനിക് മെനവർ കെയ്ക്കോ തിരുവല്ലയിൽ നിന്നും (1000x30 = 30000) വാങ്ങിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുകവഴി വികസനഫണ്ടിൽ നിന്നും 7,500/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.
ചെലവഴിച്ച തുക - 1000x30 = 30000 (22500 പ്ലാൻ ഫണ്ട് + 7500 ഗുണഭോക്തൃവിഹിതം)

ചെലവഴിക്കാവുന്ന തുക - 1000x20 = 20000 (15000 പ്ലാൻ ഫണ്ട് + 5000 ഗുണഭോക്തൃവിഹിതം)

അധികം - 30000 - 20000 = 10000/- രൂപ [ 7500 പദ്ധതി വിഹിതം + 2500 ഗുണഭോക്തൃവിഹിതം]

| പ്രോജക്ട് നമ്പർ | S0013/19 |
|---|---|
| അടങ്കൽ | 80000/-{72500/- (വികസനഫണ്ട് - സാധാരണവിഭാഗം)<br><br>7500 (ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ ഒടുക്കുന്നത്)} |
| ചെലവ് | ബിൽനമ്പർ - 1/26.10.18 – 72500/-<br><br>ചെക്ക് നമ്പർ - 2313634/25.10.18 – 7500/- |

**2.കുറ്റികുരുമുളക് നടീൽ വസ്തുക്കൾ വിതരണം**

പ്രോജക്ടിലുൾപ്പെടുത്തി 390 കുറ്റികുരുമുളക് തൈകളും (390x50= 19500/- )1560kg ഓർഗാനിക് മെനവർ (1560x30 = 46800) എന്നിവകെയ്ക്കോ തിരുവല്ലയിൽ നിന്നും വാങ്ങിയിട്ടുണ്ട്. 180 കുരുമുളക്

തൈകൾ കെയ്ക്കോ ആലപ്പുഴയിൽ നിന്നും 210 കുരുമുളക് തൈകൾ ജില്ലാ കൃഷി ഫാം, മാവേലിക്കര എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്. ഓർഗാനിക് മെന്വർ യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുക വഴി 15600/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.

ഓർഗാനിക് മെന്വറിന് ചെലവഴിച്ച തുക - 1560x30= 46800 ( 35100പ്ലാൻ ഫണ്ട് + 11700 ഗുണഭോക്തൃവിഹിതം)

ചെലവഴിക്കാവുന്ന തുക 1560x20= 31200(23400പ്ലാൻ ഫണ്ട് + 7800 ഗുണഭോക്തൃവിഹിതം)

അധികം - 46800 - 31200 = 15600/- രൂപ [11700 വികസനഫണ്ട് + 3900 ഗുണഭോക്തൃവിഹിതം]

| പ്രോജക്ട് നമ്പർ | SO141/19 |
|---|---|
| അടങ്കൽ | 81,900/- (70200{വികസന ഫണ്ട് സാധാരണ വിഹിതം}+<br>11700 {ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത്}) |
| | ബിൽ നമ്പർ - 2/26.10.18 – 35,100 (ഓർഗാനിക് മെന്വർ വാങ്ങുന്നതിന് ചെലവഴിച്ച തുക, കേയ്ക്കോ, തിരുവല്ല) |
| | ബിൽ നമ്പർ - 13/19.3.19 – 9,000 (കുരുമുളക് തൈ വാങ്ങുന്നതിന് ചെലവഴിച്ച തുക, കേയ്ക്കോ, ആലപ്പുഴ) |
| | ബിൽ നമ്പർ - 12/16.3.19 – 10,500 (കുരുമുളക് തൈ വാങ്ങുന്നതിന് ചെലവഴിച്ച തുക, ജില്ലാ കൃഷി ഫാം) |

**3.പച്ചക്കറികൃഷിക്ക് കലിചെലവ് സബ്സിഡി**

പ്രോജക്ടിലുൾപ്പെടുത്തി 300 പായ്ക്കറ്റ് പച്ചക്കറി വിത്തുകൾ ജില്ലാ കൃഷി ഫാമിൽ നിന്നും (300x50 = 15000) 2100kg ഓർഗാനിക് മെന്വർ കെയ്ക്കോ ആലപ്പുഴയിൽ നിന്നും (2100x30 = 63000) വാങ്ങിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുകവഴി ഓർഗാനിക് മെന്വറിനായി വികസന ഫണ്ടിൽ നിന്നും 15,750/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.

ചെലവഴിച്ച തുക - 2100x30 = 63000 ( 47250പ്ലാൻ ഫണ്ട് + 15700 ഗുണഭോക്തൃവിഹിതം)

ചെലവഴിക്കാവുന്ന തുക - 2100x20 = 42000 (31500 പ്ലാൻ ഫണ്ട് + 10500 ഗുണഭോക്തൃവിഹിതം)

അധികം - 63000 - 42000 = 21000/- രൂപ [15750 വികസനഫണ്ട് + 5250 ഗുണഭോക്തൃവിഹിതം]

**പച്ചക്കറിവിത്ത് വിതരണം ചെയ്തില്ല –** ബിൽ നമ്പർ - 5/31.12.18 പ്രകാരം 300 പായ്ക്കറ്റ് പച്ചക്കറി വിത്തുകൾ വാങ്ങിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 210 പായ്ക്കറ്റ് വിത്തുകൾ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. 90 പായ്ക്കറ്റ് വിത്ത് വിതരണം ചെയ്യാതിരുന്നത് വഴി 4500/- രൂപയുടെ (90x50) നഷ്ടം ഉണ്ടായിട്ടുണ്ട്. തുക നിർവ്വഹണദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു.

| പ്രോജക്ട് നമ്പർ | SO16/19 |
|---|---|
| അടങ്കൽ | 220800/- ( 205050{വികസന ഫണ്ട് സാധാരണ വിഹിതം}+ 15750 {മറ്റുള്ളവ}) |
| | ബിൽ നമ്പർ - 5/31.12.18 – 15000 (പച്ചക്കറി വിത്തു വാങ്ങിയത്തിന്റെ വില ജില്ലാ കൃഷിഫാമിന് നൽകുന്നതിനായി പിൻവലിച്ചത്.) |
| | ബിൽ നമ്പർ - 9/18.1.19 – 47250 (ഓർഗാനിക് മെന്വറിന്റെ വില കെയ്ക്കോ ആലപ്പുഴയ്ക്ക് നൽകുന്നതിനായി പിൻവലിച്ചത്.) |

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |

**4.ഫലവൃക്ഷത്തൈ വിതരണം**

പ്രോജക്ടിലുൾപ്പെടുത്തി 130 ആയുർജാക്ക് തൈകളും (130x250 = 32500) 693.33kg ഓർഗാനിക് മെന്വർ (693.33x28.57 = 19808.44) എന്നിവ കെയ്കോ ആലപ്പുഴയിൽ നിന്നും വാങ്ങിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുക വഴി ഓർഗാനിക് മെന്വറിനായി വികസനഫണ്ടിൽ നിന്നും 4456/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.

ചെലവഴിച്ച തുക - 693.33x28.57 =19808 ( 14856പ്ലാൻ ഫണ്ട് + 4952ഗുണഭോക്തൃവിഹിതം )

ചെലവഴിക്കാവുന്ന തുക - 693.33x20= 13867(10400പ്ലാൻ ഫണ്ട് + 3467 ഗുണഭോക്തൃവിഹിതം)

അധികം - 19808 - 13867 = 5941/- രൂപ [ 4456 വികസനഫണ്ട് + 1485 ഗുണഭോക്തൃവിഹിതം ]

| | |
|---|---|
| പ്രോജക്ട് നമ്പർ | S0021/19 |
| അടങ്കൽ | 125460/-{ 93840(വികസനഫണ്ട് - സാധാരണവിഭാഗം) 31365<br><br>(ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ ഒടുക്കുന്നത്) 255 ( തനത് ഫണ്ട്)} |
| ചെലവ് | ബിൽനമ്പർ - 14/19.3.19– 39975/-<br><br>ചെക്ക് നമ്പർ – – 13325/-<br>(ഓർഗാനിക് മെന്വർ, ആയുർജാക്ക് എന്നിവയുടെ വില നൽകുന്നതിനായി പിൻവലിച്ച തുക). |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക്(യഥാക്രമം 11/20.1.2020, 12/22.1.2020, 17/22.1.2020, 18/22.1.2020) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിന് യഥാർത്ഥത്തിൽ നൽകിയത് എല്ലുപൊടിയാണെന്നും കെയ്കോ അമ്പലപ്പുഴ, തിരുവല്ല യൂണിറ്റുകളോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നത് എല്ലുപൊടി ലഭ്യമാക്കുവാനായിരുന്നുവെന്നും എന്നാൽ കെയ്കോ ബില്ലിൽ ഓർഗാനിക് മെന്വറെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും തെറ്റ് കെയ്കോ അമ്പലപ്പുഴ, തിരുവല്ല യൂണിറ്റുകളെ അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത ബിൽ തിരുത്തി നൽകാമെന്ന് അവർ അറിയിച്ചിട്ടുണ്ടെന്നുമാണ്. ഇതിൻ പ്രകാരം തിരുത്തിയ ബില്ലുകൾ ഹാജരാക്കിയിട്ടുമുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ പ്രോജക്ടിലും ഓർഗാനിക് മെന്വർ ലഭിച്ചതായാണ് (പേജ് നമ്പർ 149, 150, 154, 156) രേഖപ്പെടുത്തിയിട്ടുള്ളത്. കെയ്കോ അമ്പലപ്പുഴ, തിരുവല്ല യൂണിറ്റുകളോട് എല്ലുപൊടി ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും രണ്ട് സ്ഥാപനങ്ങൾക്കും ബില്ല് തയ്യാറാക്കിയതിൽ ഒരേ പോലെ തെറ്റ് പറ്റിയെന്നത് അംഗീഗരിക്കാവുന്നതല്ല. ആയതിനാൽ തന്നെ നിർവ്വഹണദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നില്ല. 57041 /- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.

| | |
|---|---|
| 1-21-1<br><br>1-21-2<br><br>1-21-3<br><br>1-21-4 | 10000<br><br>15600<br><br>21000<br><br>10441 |
| ആകെ | 57041 /- |

## 1-22 പാലിയേറ്റീവ് കെയർ (വയോജനങ്ങൾക്ക് മരുന്ന്,പോഷകാഹാരം നൽകൽ) -പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം.S0068/19

അടങ്കൽ-136650(വികസനഫണ്ട്)

ചെലവ്- (1) 69150/- രൂപ ബിൽ നം. 14/18-19 തീയതി 19.11.18

(2)67500/- രൂപ ബിൽ നം. 18/18-19 തീയതി 22.01.19

ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന പാലിയേറ്റീവ് പരിചരണം ലഭിക്കുന്ന വയോജനങ്ങൾക്ക് മരുന്നും പോഷകാഹാര വിതരണവും എന്ന ലക്ഷ്യം മുൻനിർത്തി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പാക്കിയ മേൽ പ്രോജക്ടിൽ മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 67500/- രൂപയും ഹോർലിക്സ്,ഓട്ട്സ്,റാഗി എന്നിവയുടെ വിലയായി സപ്ലൈകോ സൂപ്പർ മാർക്കറ്റിന് 69150/- രൂപയും നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗനിർദ്ദേശങ്ങളിലും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (നം.11/2018 തീയതി.29.01.2018) ഖ. 7.8.3 പ്രകാരം ഭക്ഷണ വിതരണ പരിപാടികൾ നടത്താവുന്ന ഇനങ്ങളിലും പാലിയേറ്റീവ് കെയർ രോഗികൾക്ക് പോഷകാഹാര വിതരണം ഉൾപ്പെടുന്നില്ല. കൂടാതെ ഖ. 7.7.1.(3) ൽ എല്ലാ ഗ്രാമപഞ്ചായത്തുകളും സ.ഉ.(സാധാ) നം.3217/2015 /തസ്വഭവ,തീയതി 29.10.15 നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ ഖ. 2-6.11ൽ ഭക്ഷണം കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ദുരിതം അനുഭവിക്കുന്ന രോഗികൾ അംഗങ്ങളായുള്ള കുടുംബങ്ങളിലെ ഭക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സൗജന്യ/സബ്സിഡി ഭക്ഷ്യവിതരണ പരിപാടികൾ, ആശ്രയ പദ്ധതി എന്നിവ പ്രകാരം ഭക്ഷ്യധാന്യം ലഭിക്കുന്നതിന് ആർഹതയുള്ള കുടുംബങ്ങളെ ആ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് തദ്ദേശ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

ഈ സാഹചര്യത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് "വയോജനങ്ങൾക്ക് പോഷകാഹാരം" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ഹോർലിക്സ്,ഓട്ട്സ്,റാഗി തുടങ്ങിയ വാങ്ങിയത് ക്രമപ്രകാരമല്ല. ഹോർലിക്സ്, ഓട്ട്സ്, റാഗി എന്നിവ വാങ്ങിയതിന്റെ ബിൽ മാത്രമാണ് ഫയലിലുള്ളത്. ഇവ സ്റ്റോക്കിലെടുത്തതിന്റെയോ ഗുണഭേക്താക്കൾക്ക് വിതരണം നടത്തിയതിന്റെയോ ആധികാരിക രേഖയില്ല. കൂടാതെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് 67500/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശം ഖ. 1-23 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24 തീയതി 22.01.2020) മറുപടി ലഭിച്ചില്ല. അതിനാൽ ഹോർലിക്സ്,ഓട്ട്സ്,റാഗി എന്നിവ വാങ്ങിയതിന്റെ ചെലവ് 69150/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഇടാക്കേണ്ടതാണ്.

## 1-23 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.നടപ്പാക്കിയ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. എന്നാൽ

നാളിതുവരെ മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | നൽകിയ തുക/ ബിൽ/ ചെക്ക് നം.,തീയതി | ലഭിച്ച മരുന്നുകൾ ഇൻവോയ്സ് നം./ തീയതി | മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| S0059/19<br>പാലിയേറ്റീവ് കെയർ | 1,70,000/-(ബ്ലോക്ക് ഷെയർ)<br>ചെക്ക് നം.1043298/17.12.18 | (1)1634/-<br>നം.7694/06.11.19<br>(2)13285/-<br>നം.9083/05.12.19<br>(3)5648/-<br>നം.9388/28.12.19 | 149433/- |
| | 1,00,000/-(ബ്ലോക്ക് ഷെയർ)<br>ചെക്ക് നം.1043296/16.11.18 | (1)11901/-<br>നം.1048/26.04.19<br>(2)45877/-<br>നം.3621/25.06.19<br>(3)6837/-<br>നം.5033/09.08.19<br>(4)10133/-<br>നം.6248/20.09.19<br>(5)22867/-<br>നം.6247/20.09.19 | 2385 |
| S0068/19<br>പാലിയേറ്റീവ് കെയർ(വയോജനങ്ങൾക്ക് മരുന്ന് പോഷകാഹാരം നൽകൽ) | 67500/-(വികസനഫണ്ട്)<br>ബിൽ നം.18/18-19,22.01.19 | ഇല്ല | 67500/- |
| ആകെ | | | 219318 |

മരുന്ന് ലഭിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/22-01-2020) സ്റ്റോർ സൗകര്യം അപര്യാപ്തമായതിനാൽ മരുന്നുകൾ ഒറ്റത്തവണയായി എടുക്കാറില്ലെന്നും മരുന്നുകൾ നിലവിൽ വന്നുകൊണ്ടിരിക്കുന്നു എന്നും മറുപടി ലഭ്യമാക്കി. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതുവരെ 219318/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യഥാസമയം യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി ചേരുന്നതിൽ നിയമാനുസൃത കാലയളവായ 2 മാസം എന്ന

സമയ പരിധി പാലിക്കുന്നില്ലായെന്ന് മിനിട്സ് ബുക്ക് പരിശോധനയിൽ ബോധ്യപ്പെട്ടു. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ മാർഗ്ഗരേഖ (സ.ഉ.(സാധാ) നം. 3217/2015 തീയതി. 29.10.2015)ഖ2-3.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെപരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. 2018-19 കാലയളവിൽ ചേർന്ന യോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | യോഗം കൂടിയ തീയതി | ഇടവേള |
|---|---|---|
| 1 | 24.03.2018 | |
| 2 | 13.08.2018 | 4 മാസം 20 ദിവസം |
| 3 | 11.01.2019 | 4 മാസം 29 ദിവസം |
| 4 | 14.06.2019 | 5 മാസം 2ദിവസം |

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

## 1-25 എയറോബിക് കമ്പോസ്റ്റ് നിർമ്മാണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല

എയറോബിക് കമ്പോസ്റ്റ് നിർമ്മാണത്തിനായി തൻവർഷം രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയത്.

| പ്രോജക്റ്റ് നം,പേര് | ചെലവ് തുക | ചെക്ക് നം, ബിൽ നം, തീയതി |
|---|---|---|
| 109/18,എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ. | 276662 | ബിൽ നം.12/19.07.18 |
| | 288206 | ബിൽ നം.35/05.01.19 |
| 150/18-19,പി.എച്ച്.സി യിൽ മെറ്റീരിയൽ കളക്ഷൻ സെന്ററും ബയോവേസ്റ്റ് കളക്ഷൻ സെന്ററും | 242194 | ചെക്ക് നം.093057/30.01.19 |
| ആകെ | 807062 | |

പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കാർത്തികപ്പള്ളി മാർക്കറ്റ്, മീനങ്ങാടി കോളനി, മൈനാഗപ്പള്ളി കോളനി എന്നിവിടങ്ങളിൽ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥലങ്ങളും സ്ഥാപനങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാർ ചമച്ചത് 08.03.18ലാണെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 26.11.18 ലാണ്. ഈ സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ യൂണിറ്റുകളൊന്നും തന്നെ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 വാർഡ് 6, തളിക്കശ്ശേരിൽ റോഡിൽ ഓട നിർമ്മാണം-ടെണ്ടർ നടപടികളിലെ അപാകതകൾ

തളിക്കശ്ശേരിൽ റോഡിൽ ഓട നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി 28.12.2016ലെ ടെണ്ടറിൽ രണ്ട് പേർ പങ്കെടുത്തിട്ടുള്ളതാണ്. കെ.സുകുമാരൻ എന്ന കരാറുകാരൻ 10.99% കുറവായ നിരക്കും ഡി.ശ്രീകുമാർ

എന്ന കരാറുകാരൻ 5.21% കുറവായുമാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. പിന്നീട് ടെണ്ടർ നടപടികളൊന്നും തൻവർഷം സ്വീകരിച്ചതായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഫയലിൽ ഡി.ശ്രീകുമാർ എന്ന വ്യക്തിയുടെ 31.01.2017 ലെ എസ്റ്റിമേറ്റ് നിരക്കായുള്ള ടെണ്ടർ ഫോം ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 23.02.2017 ൽ ടി വ്യക്തിയുമായി കരാർ ചമച്ചിട്ടുമുണ്ട്. ആദ്യ ടെണ്ടറിലെ 10.99% കുറവായ ടെണ്ടർ പരിഗണിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം അംഗീകരിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അംഗീകരിച്ചത് കാരണം 22036/- രൂപയുടെ (എം ബുക്ക് പ്രകാരം ആകെ മൂല്യം-200513x10.99%=22036) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| | |
|---|---|
| എസ്റ്റിമേറ്റ് | 204528 |
| കരാർ നം. | 33/16-17/23.02.2017 |
| എം ബുക്ക് നം. | 419/17-18 |
| ചെലവ് തുക | 200513, ബിൽ നം : 15/08.08.18 |

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സുകുമാരൻ എന്ന കരാറുകാരന്റെ ടെണ്ടറിൽ മതിയായ രേഖകൾ ഇല്ലായിരുന്നു എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ഏതൊക്കെ രേഖകളാണെന്ന് വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച് എന്തെങ്കിലും കമ്മറ്റി തീരുമാനം ഉള്ളതായും വ്യക്തമല്ല.

## 1-27 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

2018-19 സാമ്പത്തിക വർഷം ആകെ 63 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ തൻവർഷം 45 പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തുക ചെലവഴിച്ചിട്ടുണ്ട്. അനുബന്ധ ഫയൽ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1. റോഡ് ടാറിംഗ് പ്രവൃത്തികളിൽ വാങ്ങിയ ടാറിന്റെ ബിൽ കരാറുകാർ ഹാജരാക്കിയതിനു ശേഷം മാത്രമേ തുക നൽകാൻ പാടുള്ളൂവെന്ന സർക്കാർ നിർദ്ദേശം കൂടുതൽ പ്രവൃത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

   ഉദാ.i)പുളിമൂട്ടിൽ കൊട്ടാരം റോഡ് മെറ്റലിംഗും ടാറിംഗും,വാർഡ് 1

   ii)ഇല്ലിക്കുളം റോഡ് ഗ്രാവലിംഗ്,മെറ്റലിംഗ്,ടാറിംഗ്

2. സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിലേക്ക് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, സപ്ലിമെന്ററി കരാർ ചമച്ച് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്യുന്നില്ല.
3. പ്രവൃത്തികൾ നിശ്ചിത നിലവാരത്തിൽ യഥാസമയം നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്നതിന്മേൽ മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തൽ നടത്തിയതായി രേഖയില്ല. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.
4. പല പ്രവൃത്തികളുടേയും സെലക്ഷൻ നോട്ടീസിൽ കരാർ ചമയ്ക്കേണ്ടുന്ന തീയതി രേഖപ്പെടുത്തുന്നില്ല.
5. സമയബന്ധിതമായി കരാർ ചമയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല.
6. ചമയ്ക്കുന്ന കരാറുകൾ അപൂർണ്ണമാണ്. കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നുമില്ല. അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിലെ പദ്ധതി നിർവഹണങ്ങളിൽ പ്രസ്തുത അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ

പുലർത്തേണ്ടതാണ്.

### 1-28 മഹാദേവികാട് യു.പി.സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ആവിഷ്കരിച്ച പ്രോജക്ട്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0060/19 |
| അടങ്കൽ | 50000/- (വികസനഫണ്ട് - സാധാരണവിഭാഗം) |
| ചെലവ് | ബിൽ നമ്പർ - 3/31.12.18 – 48500/- |
| നിർവ്വഹണം | എച്ച്.എം. മഹാദേവികാട് യു.പി.എസ്. |

കായിക പരിശീലനത്തിനായുള്ള പ്രോജക്ടിലുൾപ്പെടുത്തി 48500/- രൂപയുടെ കായിക ഉപകരണങ്ങൾ പേപ്പർ ബാൾ, മറ്റം(S), മാവേലിക്കര എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. സ.ഉ.(കൈ) 22/18 തസ്വഭവ തീയതി. 14.2.18 നമ്പർ ഉത്തരവിലെ ഖണ്ഡിക 7.6.12 ലെ നിർദ്ദേശ പ്രകാരം സ്കൂൾ തലത്തിലുള്ള കായിക പരിശിലനത്തിനാവശ്യമായ കായികക്ഷമതാ ഉപകരണങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ കേന്ദ്രങ്ങൾക്കും മാത്രമാണ് ഏറ്റെടുക്കാവുന്നത്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായാണ് കായിക പരിശീലനത്തിനായി ഉപകരണങ്ങൾ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുള്ളത്. പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ കായികയിനത്തിലും താത്പര്യമുള്ള കുട്ടികളെ കണ്ടെത്തിയതിനും രേഖകൾ ഹാജരാക്കിയിട്ടില്ല. കായിക അദ്ധ്യാപകന്റെ പോസ്റ്റും നിലവിലില്ലാത്ത സ്കൂളിനായി വിദഗ്ധ പരിശീലനം ആവശ്യമുള്ള ഷോട്ട് പുട്ട്, ജാവലിൻ, ഹർഡിൽസ് എന്നിവയും ബാസ്കറ്റ് ബോൾ കോർട്ടില്ലാതെ ബാസ്കറ്റ്ബോളും വാങ്ങിയിട്ടുണ്ട്. കായിക അദ്ധ്യാപകന്റെ സേവനവും പരിശീലനത്തിനാവശ്യമായ മതിയായ ഭൌതിക സാഹചര്യവും ഇല്ലാതിരിക്കെ പരിശീലനത്തിനായുള്ള ഉപകരണങ്ങൾ വിദ്യർത്ഥികൾക്ക് പൂർണമായും പ്രയോജനപ്രദമാകുന്നതിന് സാധ്യത കാണുന്നില്ല. അപാകതകൾക്ക വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 8/20.1.2020 നുള്ള മറുപടിയിൽ ഓരോ കായിക ഇനങ്ങളിലും താത്പര്യമുള്ള കുട്ടികളെ കണ്ടെത്തിയിരുന്നതായും ഇതിനനുസരിച്ചാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും ബി.അർ.സി. വഴി ആഴ്ചയിൽ രണ്ട് ദിവസം കായിക അദ്ധ്യാപകന്റെ സേവനം ലഭിച്ചിരുന്നുവെന്നും സ്കൂളിലെ അദ്ധ്യാപകർ എല്ലാ ദിവസവും പരിശീലനം നൽകുന്നുവെന്നുമാണ്. എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽ അപാകതകളാൽ സബ്സിഡി നിർദ്ദേശത്തിന് വിരുദ്ധമായി ആവിഷ്കരിച്ച പ്രോജക്ടിനായി ചെലവഴിച്ച 48500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയും മാർഗനിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി നിർവഹിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-29 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0035/19 |
| അടങ്കൽ | 155000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ബിൽ നമ്പർ - 36/19.11.18 – 147000/- |
| നിർവ്വഹണം | സെക്രട്ടറി |

മാർക്കറ്റ് ജംഗ്ഷന് വടക്ക് കോട്ടവാതിക്കൽ മുതൽ വാതല്ലൂർ കോയിക്കൽ റോഡിൽ പാലത്തിന്

സമീപം പൈപ്പ് ലൈൻ കൂട്ടി യോജിപ്പിക്കുന്ന പ്രവർത്തിയ്ക്കായി 147000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും പ്രവർത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 147000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 വെറ്ററിനറി സർജൻ നടപ്പാക്കിയ കാലിത്തീറ്റ വിതരണം പ്രോജക്ട്-രേഖകൾ ഹാജരാക്കിയില്ല

കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം പ്രോജക്ടിലുൾപ്പെടുത്തി കാലിത്തീറ്റ വിതരണത്തിനായി ജനറൽ/എസ്സ്.സി. വിഭാഗത്തിലുള്ളവർക്കായി രണ്ട് പ്രോജക്ടുകൾ വെറ്ററിനറി സർജൻ നടപ്പിലാക്കിയിരുന്നു. ക്ഷീരോത്പാദക സഹകരണ സംഘം A-128 D, വലിയകുളങ്ങര എന്ന സഹകരണ സംഘത്തിനാണ് കാലിത്തീറ്റ വാങ്ങിയതിന്റെ തുക അനുവദിച്ചിട്ടുള്ളത്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ മിൽമയിൽ നിന്ന് സഹകരണസംഘം കാലിത്തീറ്റ വാങ്ങിയതിന്റെ ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ എല്ലാമാസവും ഗുണഭോക്താക്കൾ ഒപ്പിട്ട ഒരു കാലിത്തീറ്റ വിതരണ സ്റ്റേറ്റ്മെന്റാണ് സഹകരണ സംഘം സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്. സഹകരണസംഘത്തിൽ നിന്ന് ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ ബിൽ ലഭ്യമാക്കിയിട്ടില്ല. അതിനാൽ തന്നെ എല്ലാ ഗുണഭോക്താക്കളും കാലിത്തീറ്റ സംഘത്തിൽ നിന്ന് വാങ്ങിയിരുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. ഗുണഭോക്താക്കൾ കാലിത്തീറ്റ സംഘത്തിൽ നിന്ന് വാങ്ങിയതിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടിലുമായി ചെലവഴിച്ച തുകയുടെ കൃത്യത ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/തീയതി. 20-01-2020)

കാലിത്തീറ്റവിതരണ സ്റ്റേറ്റ്മെന്റ് ഗുണഭോക്താക്കൾ ഒപ്പിട്ട്, സഹകരണസംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ടെന്ന മറുപടി അംഗീകരിക്കുന്നില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2300000/- രൂപ (20,00,000+3,00,000) തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം / പ്രോജക്ടിന്റെ പേര് | അടങ്കൽ /ചെലവ് | റിമാർക്സ് |
|---|---|---|
| SOO29/19<br>കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം (ജനറൽ) | 2000000 (1000000/- വികസനഫണ്ട്, 1000000/- ഗുണഭോക്തൃവിഹിതം )<br>ചെലവ്- 2000000 | ഗുണഭോക്താക്കൾ ക്ഷീരസഹകരണ സംഘങ്ങളിൽ നിന്ന് കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| SOO30/19 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം (എസ്.സി) | 300000(180000 എസ്.സി.പി, 120000 ഗുണഭോക്തൃവിഹിതം)<br>ചെലവ്-300000 | |

ചെലവിന്റെ വിശദാംശം

I, പ്രോജക്ട് നം 29/19 കറവപ്പശുകൾക്ക് കാലിത്തീറ്റ വിതരണം (ജനറൽ)

( വികസന ഫണ്ട് -10,00,000 ഗുണഭോക്തൃ വിഹിതം - 10,00,000 )

| ക്രമ നം | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 1 / 14.05.18 | 110500 |
| 2 | 3 / 15.09.18 | 110500 |
| 3 | 5 / 29.09.18 | 110500 |
| 4 | 7 / 25.10.18 | 110500 |
| 5 | 11 / 17.12.18 | 110500 |
| 6 | 13 / 21.12.18 | 110500 |
| 7 | 14 /05.02.19 | 110500 |
| 8 | 17 / 22.02.19 | 80850 |
| 9 | 18 /22.02.19 | 34650 |
| 10 | 21 / 23.03.19 | 77700 |
| 11 | 22 / 23.03.19 | 33300 |
| | ഗുണഭോക്തൃ വിഹിതം | 10,00,000 |
| | ആകെ | 20,00,000 |

II, പ്രോജക്ട് നം 30/19 - കറവപ്പശുകൾക്ക് കാലിത്തീറ്റ വിതരണം (എസ്.സി)

( വികസന ഫണ്ട് -1,80,000 + ഗുണഭോക്തൃ വിഹിതം - 1,20,000 )

| ക്രമ നം | ബിൽ നമ്പർ / തീയതി | തുക |
|---|---|---|
| 1 | 2 / 14.08.18 | 20400 |
| 2 | 4 / 15.09.18 | 20400 |
| 3 | 6 / 29.09.18 | 20400 |
| 4 | 8 / 25.10.18 | 20400 |
| 5 | 12 / 26.11.18 | 20400 |

| | | |
|---|---|---|
| 6 | 12(b) / 21.12.18 | 20400 |
| 7 | 15 / 05.02.19 | 18900 |
| 8 | 16 / 22.02.19 | 19350 |
| 9 | 23 / 23.03.19 | 19350 |
| | ഗുണഭോക്തൃ വിഹിതം | 1,20,000 |
| | ആകെ ചെലവ് | 3,00,000 |

## 1-31 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിച്ചിട്ടില്ല

2016-17 വർഷം ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി സ്കോളർഷിപ്പ് ഇനത്തിൽ ലഭിച്ച 100000/- രൂപ (50000+50000) ഇതേ വരെയും ചെലവഴിച്ചിട്ടില്ല. സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന തുകകൾ തൻവർഷം തന്നെ ചെലവഴിക്കേണ്ടതും അവശേഷിക്കുന്ന തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ ഒടുക്കേണ്ടതുമാണ് എന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. 100000/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരികെ ഒടുക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി- അവലോകനം

അർഹതയുള്ള സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ ഗുണഭോക്താകൾ ( ഭൂമിയുള്ള ഭവനരഹിതർ ) -164

2. വിവിധ കാരണങ്ങളാൽ അനർഹരായവരുടെ എണ്ണം - 24

3. തദ്ദേശ സ്ഥാപനവുമായി കരാർവച്ചവരുടെ എണ്ണം- 118
4. നിർമ്മാണം ആരംഭിച്ചവരുടെ എണ്ണം-118 (SC-4)

5. നിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം-106 (SC-3)

വിവിധ ഘട്ടങ്ങളിലായി തുക കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ

| | ഒന്നാം ഗഡു | രണ്ടാംഗഡു | മൂന്നാം ഗഡു | നാലാം ഗഡു |
|---|---|---|---|---|
| ജനറൽ | - | 1 | 10 | 103 |
| എസ്.സി | - | 1 | - | 3 |
| ആകെ | - | 2 | 10 | 118 |

2018-19 ൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം

| | ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | സംസ്ഥാന വിഹിതം | വായ്പ തുക | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ | 5100217 | 815138 | 1213051 | 0 | 22316097 | 29444503 |
| എസ്.സി. | 1040000 | 0 | 0 | 0 | 0 | 1040000 |
| | 6140217 | 815138 | 1213051 | 0 | 22316097 | 30484503 |

ടി പദ്ധതിപ്രകാരം നടന്നിട്ടുള്ള ഭവനനിർമ്മാണത്തിന്റെ ഘട്ടം തിരിച്ചുള്ള വിവരം

| കരാർ ചമച്ചവർ | ബേസ്മെന്റ് പൂർത്തിയാക്കിയവർ | ലിന്റൽ പൂർത്തിയാക്കിയവർ | മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കിയവർ |
|---|---|---|---|
| ജനറൽ-114 | 1 | 10 | 103 |
| എസ്.സി.-4 | 1 | 0 | 3 |
| ആകെ-118 | 2 | 10 | 106 |

ധനസഹായം കൈപ്പറ്റി നിർമ്മാണം നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾ ആരും തന്നെയില്ല.

## 1-33 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം - കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 08 എണ്ണം സ്വന്തം കെട്ടിടത്തിലും 5 എണ്ണം വാടക കെട്ടിടത്തിലും 2 എണ്ണം വാടകയില്ലാത്ത കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം- സ്വന്തമായി കെട്ടിടമുള്ള 8 എണ്ണത്തിൽ 6 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഉണ്ട്. മറ്റ് അങ്കണവാടികൾക്ക് കണക്ഷന് വേണ്ടി വാട്ടർ അതോറിറ്റിയിൽ അപേക്ഷ കൊടുത്തിട്ടുണ്ട് എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു.

ടോയ് ലെറ്റ്- 4 അങ്കണവാടിക്ക് മാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് സൗകര്യം ഉള്ളത്.

വൈദ്യുതി- വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരെണ്ണത്തിനൊഴികെ ബാക്കി 14 അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്

ചുറ്റുമതിൽ- 3 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത് .

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 46-ാം നമ്പർ അങ്കണവാടിക്കൊഴികെ മറ്റെല്ലാത്തിനും ലഭിച്ചിട്ടുണ്ട്. 46-ാം നമ്പർ അങ്കണവാടി ഒരു വീടിന്റെ കാർഷെഡ്ഡിലാണ് പ്രവർത്തിക്കുന്നതെന്നും മറ്റൊരു കെട്ടിടം കണ്ടെത്തി മാറാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഐ.സി.ഡി.എസ്.സൂപ്പർവൈസർ അറിയിച്ചു.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 7 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ

അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 തെങ്ങ് കൃഷിയ്ക്ക് ജൈവവളവും കുമ്മായ വിതരണവും - യൂണിറ്റ് കോസ്റ്റിൽ അധികരിച്ച വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0009/19 |
| അടങ്കൽ | 5,20,000/- (3,90,000{വികസന ഫണ്ട് സാധാരണവിഹിതം}+ 1,30,000{ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത്}) |
| | ബിൽ നമ്പർ - 3/15.11.18 – 3,00,000 |
| | ബിൽ നമ്പർ - 4/31.12.18 – 90,000 |
| | ചെക്ക് നമ്പർ - 2313654/24.11.18 – 1,00,000 |
| | ചെക്ക് നമ്പർ - 2303303/5.2.19 – 30,000 |
| നിർവ്വഹണം | കൃഷി ഓഫീസർ |

പ്രോജക്ടിലുൾപ്പെടുത്തി 3250 kg ലൈം (3250 x12 = 39,000) 16029 kg ബോൺ മീൽ (16029 x30 = 480870) എന്നിവ കെയ്ക്കോ തിരുവല്ലയിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ.ഉ.(കൈ) 22/18/തസ്വഭവ തീ. 14.2.18 ഖണ്ഡിക 6.1.1 പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതും ജനറൽ വിഭാഗത്തിന് പരമാവധി 75% സബ്സിഡി അനുവദിക്കാവുന്നതുമാണ്. യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചു കൊണ്ടുള്ള ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 3.4.2018 ലെ ഉത്തരവ് നമ്പർ 2895/2018/ഡി.പി.സി./ഡിപിഒ/എഎൽപി പ്രകാരം ലൈം 1 കിലോഗ്രാമിന് 9.5/- രൂപയാണ് നൽകാവുന്നത്. എന്നാൽ കെയ്ക്കോയിൽ നിന്ന് കിലോഗ്രാമിന് 12/- രൂപയ്ക്കാണ്

ലൈം വാങ്ങിയത്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുക വഴി 8125/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 19/22.1.2020 നുള്ള മറുപടിയിൽ പ്രോജക്ടിലുൾപ്പെടുത്തി ബേൺഡ് ലൈം ആണ് നൽകിയതെന്നും ജില്ലാ ആസൂത്രണസമിതിയുടെ ലിസ്റ്റിൽ ലൈം ആണ് ഉൾപ്പെട്ടിരിക്കുന്നതെന്നും കൃഷി വകുപ്പിന്റെ സബ്സിഡി നൽകുന്നതിനായി ബേൺഡ് ലൈം നൽകുന്നത് ഇതേ റേറ്റിലാണെന്നും ബേൺഡ് ലൈമിന്റെ വില ആസൂത്രണസമിതി നിശ്ചയിക്കാത്തതുകൊണ്ടുണ്ടായ പിഴവാണിതെന്നുമാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. വളങ്ങളുടേയും കീടനാശിനികളുടേയും പച്ചക്കറി വിത്തുകളുടേയും തൈകളും ഓരോ ജില്ലയിലും ഓരേ നിരക്കിൽ ലഭിക്കാതിരിക്കുന്നതിനാലാണ് ഇവയുടെ റേറ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കാൻ സർക്കാർ അനുവദിച്ചിരിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പേജ് 151 ലെ രേഖപ്പെടുത്തൽ പ്രകാരം ലൈം ആണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. കെയ്കോയുടെ V-507A/18-19 തീയതി. 27.11.18 നമ്പർ ഇൻവോയ്സിലും ലൈം എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് .

ചെലവഴിച്ച തുക - 3250 x12 = 39,000 (29250 പ്ലാൻ ഫണ്ട് + 9750 ഗുണഭോക്തൃവിഹിതം)

ചെലവഴിക്കാവുന്ന തുക 3250x9.5= 30,875(23156.25 പ്ലാൻ ഫണ്ട് + 7718.75 ഗുണഭോക്തൃവിഹിതം)

അധികം 39000 -30875 =8125 (പ്ലാൻ ഫണ്ട് 6093.75 +ഗു.വി 2031.25)
അധികമായി ചെലവഴിച്ച 8125/- രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 ഓർഗാനിക് മാന്വവർ - ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ - പദ്ധതി വിഹിതത്തിൽ നിന്ന് അധിക ചെലവ്

സ.ഉ.(കൈ) 22/18/തസ്വഭവ തീയതി. 14.2.18 ഖണ്ഡിക 6.1.1 പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതും ജനറൽ വിഭാഗത്തിന് പരമാവധി 75% സബ്സിഡി അനുവദിക്കാവുന്നതുമാണ്. യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് കൊണ്ടുള്ള ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 3.4.2018 ലെ ഉത്തരവ് നമ്പർ 2895/2018/ഡി.പി.സി./ഡിപിഒ/ എഎൽപി പ്രകാരം ഓർഗാനിക് മെനുവർ 1 കിലോഗ്രാമിന് 15 – 20/- രൂപ വരെയാണ് നൽകാവുന്നത്. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിലുൾപ്പെടുത്തി കെയ്കോയിൽ കിലോഗ്രാമിന് 30/- രൂപയ്ക്കാണ് ഓർഗാനിക് മെനുവർ വാങ്ങിയത്. ഇപ്രകാരം ജില്ലാതലത്തിൽ നിശ്ചയിച്ച നിരക്കിൽ അധികരിച്ച് വാങ്ങൽ നടത്തിയതു വഴി 39406/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. കൂടാതെ പച്ചക്കറി കൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ പച്ചക്കറി വിത്തുകൾ പൂർണ്ണമായി വിതരണം ചെയ്യാതിരിക്കുക വഴി 4500/- രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

**1. ടിഷ്യൂകൾച്ചർ വാഴയുടെ നടീൽവസ്തു വിതരണം**

പ്രോജക്ടിലുൾപ്പെടുത്തി 2500 നേന്ത്രവാഴ കന്നുകൾ ജില്ലാ കൃഷി ഫാമിൽ നിന്നും (2500x20 = 50000) 1000kg ഓർഗാനിക് മെനുവർ കെയ്കോ തിരുവല്ലയിൽ നിന്നും (1000x30 = 30000) വാങ്ങിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുകവഴി വികസനഫണ്ടിൽ നിന്നും 7,500/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.
ചെലവഴിച്ച തുക - 1000x30 = 30000 (22500 പ്ലാൻ ഫണ്ട് + 7500 ഗുണഭോക്തൃവിഹിതം)

ചെലവഴിക്കാവുന്ന തുക - 1000x20 = 20000 (15000 പ്ലാൻ ഫണ്ട് + 5000 ഗുണഭോക്തൃവിഹിതം)

അധികം - 30000 - 20000 = 10000/- രൂപ [ 7500 പദ്ധതി വിഹിതം + 2500 ഗുണഭോക്തൃവിഹിതം]

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO13/19 |
| അടങ്കൽ | 80000/-{72500/- (വികസനഫണ്ട് - സാധാരണവിഭാഗം)<br>7500 (ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ ഒടുക്കുന്നത്)} |
| ചെലവ് | ബിൽനമ്പർ - 1/26.10.18 – 72500/-<br>ചെക്ക് നമ്പർ - 2313634/25.10.18 – 7500/- |

**2.കുറ്റികുരുമുളക് നടീൽ വസ്തുക്കൾ വിതരണം**

പ്രോജക്ടിലുൾപ്പെടുത്തി 390 കുറ്റികുരുമുളക് തൈകളും (390x50= 19500/- )1560kg ഓർഗാനിക് മെനവർ (1560x30 = 46800) എന്നിവ കെയ്കോ തിരുവല്ലയിൽ നിന്നും വാങ്ങിയിട്ടുണ്ട്. 180 കുരുമുളക് തൈകൾ കെയ്കോ ആലപ്പുഴയിൽ നിന്നും 210 കുരുമുളക് തൈകൾ ജില്ലാ കൃഷി ഫാം, മാവേലിക്കര എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്. ഓർഗാനിക് മെനവർ യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുക വഴി 15600/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.

ഓർഗാനിക് മെനവറിന് ചെലവഴിച്ച തുക - 1560x30= 46800 ( 35100പ്ലാൻ ഫണ്ട് + 11700 ഗുണഭോക്തൃവിഹിതം)

ചെലവഴിക്കാവുന്ന തുക 1560x20= 31200(23400പ്ലാൻ ഫണ്ട് + 7800 ഗുണഭോക്തൃവിഹിതം)

അധികം - 46800 - 31200 = 15600/- രൂപ [11700 വികസനഫണ്ട് + 3900 ഗുണഭോക്തൃവിഹിതം]

| | |
|---|---|
| പ്രോജക്ട് നമ്പർ | SO141/19 |
| അടങ്കൽ | 81,900/- (70200{വികസന ഫണ്ട് സാധാരണ വിഹിതം}+<br>11700 {ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത്}) |
| | ബിൽ നമ്പർ - 2/26.10.18 – 35,100 (ഓർഗാനിക് മെനവർ വാങ്ങുന്നതിന് ചെലവഴിച്ച തുക, കേയ്കോ, തിരുവല്ല) |
| | ബിൽ നമ്പർ - 13/19.3.19 – 9,000 (കുരുമുളക് തൈ വാങ്ങുന്നതിന് ചെലവഴിച്ച തുക, കേയ്കോ, ആലപ്പുഴ) |
| | ബിൽ നമ്പർ - 12/16.3.19 – 10,500 (കുരുമുളക് തൈ വാങ്ങുന്നതിന് ചെലവഴിച്ച തുക, ജില്ലാ കൃഷി ഫാം) |

**3.പച്ചക്കറികൃഷിക്ക് കലിചെലവ് സബ്സിഡി**

പ്രോജക്ടിലുൾപ്പെടുത്തി 300 പായ്ക്കറ്റ് പച്ചക്കറി വിത്തുകൾ ജില്ലാ കൃഷി ഫാമിൽ നിന്നും (300x50 =

15000) 2100kg ഓർഗാനിക് മെനവർ കെയ്കോ ആലപ്പുഴയിൽ നിന്നും (2100x30 = 63000) വാങ്ങിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുകവഴി ഓർഗാനിക് മെനവറിനായി വികസന ഫണ്ടിൽ നിന്നും 15,750/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.

ചെലവഴിച്ച തുക - 2100x30 = 63000 ( 47250പ്ലാൻ ഫണ്ട് + 15700 ഗുണഭോക്തൃവിഹിതം)

ചെലവഴിക്കാവുന്ന തുക - 2100x20 = 42000 (31500 പ്ലാൻ ഫണ്ട് + 10500 ഗുണഭോക്തൃവിഹിതം)

അധികം - 63000 - 42000 = 21000/- രൂപ [15750 വികസനഫണ്ട് + 5250 ഗുണഭോക്തൃവിഹിതം]

**പച്ചക്കറിവിത്ത് വിതരണം ചെയ്തില്ല -** ബിൽ നമ്പർ - 5/31.12.18 പ്രകാരം 300 പായ്ക്കറ്റ് പച്ചക്കറി വിത്തുകൾ വാങ്ങിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 210 പായ്ക്കറ്റ് വിത്തുകൾ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. 90 പായ്ക്കറ്റ് വിത്ത് വിതരണം ചെയ്യാതിരുന്നത് വഴി 4500/- രൂപയുടെ (90x50) നഷ്ടം ഉണ്ടായിട്ടുണ്ട്. തുക നിർവ്വഹണദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S016/19 |
| അടങ്കൽ | 220800/- (205050{വികസന ഫണ്ട് സാധാരണ വിഹിതം}+ 15750 {മറ്റുള്ളവ}) |
| | ബിൽ നമ്പർ - 5/31.12.18 – 15000 പച്ചക്കറി വിത്ത് വാങ്ങിയത്തിന്റെ വില ജില്ലാ കൃഷിഫാമിന് നൽകുന്നതിനായി പിൻവലിച്ചത്. |
| | ബിൽ നമ്പർ - 9/18.1.19 – 47250 ഓർഗാനിക് മെനവറിന്റെ വില കെയ്കോ ആലപ്പുഴയ്ക്ക് നൽകുന്നതിനായി പിൻവലിച്ചത്. |
| നിർവ്വഹണം | കൃഷി ഓഫീസർ |

**4.ഫലവൃക്ഷതൈ വിതരണം**

പ്രോജക്ടിലുൾപ്പെടുത്തി 130 ആയുർജാക്ക് തൈകളും (130x250 = 32500) 693.33kg ഓർഗാനിക് മെനവർ (693.33x28.57 = 19808.44) എന്നിവ കെയ്കോ ആലപ്പുഴയിൽ നിന്നും വാങ്ങിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള വാങ്ങൽ നടത്തുക വഴി ഓർഗാനിക് മെനവറിനായി വികസനഫണ്ടിൽ നിന്നും 4456/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.

ചെലവഴിച്ച തുക - 693.33x28.57 =19808 ( 14856പ്ലാൻ ഫണ്ട് + 4952ഗുണഭോക്തൃവിഹിതം )

ചെലവഴിക്കാവുന്ന തുക - 693.33x20= 13867(10400പ്ലാൻ ഫണ്ട് + 3467 ഗുണഭോക്തൃവിഹിതം)

അധികം - 19808 - 13867 = 5941/- രൂപ [ 4456 വികസനഫണ്ട് + 1485 ഗുണഭോക്തൃവിഹിതം ]

| | |
|---|---|
| പ്രോജക്ട് നമ്പർ | SO021/19 |
| അടങ്കൽ | 125460/-{ 93840(വികസനഫണ്ട് - സാധാരണവിഭാഗം) 31365<br>(ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ ഒടുക്കുന്നത്) 255 ( തനത് ഫണ്ട് )} |
| ചെലവ് | ബിൽനമ്പർ - 14/19.3.19– 39975/-<br>ചെക്ക് നമ്പർ - – 13325/-<br>(ഓർഗാനിക് മെനവർ, ആയുർജാക്ക് എന്നിവയുടെ വില നൽകുന്നതിനായി പിൻവലിച്ച തുക). |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക്(യഥാക്രമം 11/20.1.2020, 12/22.1.2020, 17/22.1.2020, 18/22.1.2020) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിന് യഥാർത്ഥത്തിൽ നൽകിയത് എല്ലുപൊടിയാണെന്നും കെയ്ക്കോ അമ്പലപ്പുഴ, തിരുവല്ല യൂണിറ്റുകളോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നത് എല്ലുപൊടി ലഭ്യമാക്കുവാനായിരുന്നുവെന്നും എന്നാൽ കെയ്ക്കോ ബില്ലിൽ ഓർഗാനിക് മെനുവറെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും തെറ്റ് കെയ്ക്കോ അമ്പലപ്പുഴ, തിരുവല്ല യൂണിറ്റുകളെ അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത ബിൽ തിരുത്തി നൽകാമെന്ന് അവർ അറിയിച്ചിട്ടുണ്ടെന്നുമാണ്. ഇതിൻ പ്രകാരം തിരുത്തിയ ബില്ലുകൾ ഹാജരാക്കിയിട്ടുമുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ പ്രോജക്ടിലും ഓർഗാനിക് മെനുവർ ലഭിച്ചതായാണ് (പേജ് നമ്പർ 149, 150, 154, 156) രേഖപ്പെടുത്തിയിട്ടുള്ളത്. കെയ്ക്കോ അമ്പലപ്പുഴ, തിരുവല്ല യൂണിറ്റുകളോട് എല്ലുപൊടി ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും രണ്ട് സ്ഥാപനങ്ങൾക്കും ബില്ല് തയ്യാറാക്കിയതിൽ ഒരേ പോലെ തെറ്റ് പറ്റിയെന്നത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ തന്നെ നിർവ്വഹണദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നില്ല. 57041 /- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.

| | |
|---|---|
| 1-21-1 | 10000 |
| 1-21-2 | 15600 |
| 1-21-3 | 21000 |
| 1-21-4 | 10441 |
| ആകെ | 57041/- |

## 3-3 പാലിയേറ്റീവ് കെയർ (വയോജനങ്ങൾക്ക് മരുന്ന്,പോഷകാഹാരം നൽകൽ) -പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം.S0068/19

അടങ്കൽ-136650(വികസനഫണ്ട്)

ചെലവ്- (1) 69150/- രൂപ ബിൽ നം. 14/18-19 തീയതി 19.11.18

(2) 67500/- രൂപ ബിൽ നം. 18/18-19 തീയതി 22.01.19

ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന പാലിയേറ്റീവ് പരിചരണം ലഭിക്കുന്ന വയോജനങ്ങൾക്ക് മരുന്നും പോഷകാഹാര വിതരണവും എന്ന ലക്ഷ്യം മുൻനിർത്തി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പാക്കിയ മേൽ പ്രോജക്ടിൽ മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 67500/- രൂപയും ഹോർലിക്സ്, ഓട്ട്സ്, റാഗി എന്നിവയുടെ വിലയായി സപ്ലൈകോ സൂപ്പർ മാർക്കറ്റിന് 69150/- രൂപയും നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗനിർദ്ദേശങ്ങളിലും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (നം.11/2018 തീയതി.29.01.2018) ഖ. 7.8.3 പ്രകാരം ഭക്ഷണ വിതരണ പരിപാടികൾ നടത്താവുന്ന ഇനങ്ങളിലും പാലിയേറ്റീവ് കെയർ രോഗികൾക്ക് പോഷകാഹാര വിതരണം ഉൾപ്പെടുന്നില്ല. കൂടാതെ ഖ. 7.7.1.(3) ൽ എല്ലാ ഗ്രാമപഞ്ചായത്തുകളും സ.ഉ.(സാധാ) നം.3217/2015 /തസ്വഭവ,തീയതി 29.10.15 നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ ഖ. 2-6.11ൽ ഭക്ഷണം കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ദുരിതം അനുഭവിക്കുന്ന

രോഗികൾ അംഗങ്ങളായുള്ള കുടുംബങ്ങളിലെ ഭക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സൗജന്യ/സബ്സിഡി ഭക്ഷ്യവിതരണ പരിപാടികൾ, ആശ്രയ പദ്ധതി എന്നിവ പ്രകാരം ഭക്ഷ്യധാന്യം ലഭിക്കുന്നതിന് ആർഹതയുള്ള കുടുംബങ്ങളെ ആ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് തദ്ദേശ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

ഈ സാഹചര്യത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് "വയോജനങ്ങൾക്ക് പോഷകാഹാരം" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ഹോർലിക്സ്, ഓട്ട്സ്, റാഗി തുടങ്ങിയ വാങ്ങിയത് ക്രമപ്രകാരമല്ല. ഹോർലിക്സ്, ഓട്ട്സ്, റാഗി എന്നിവ വാങ്ങിയതിന്റെ ബിൽ മാത്രമാണ് ഫയലിലുള്ളത്. ഇവ സ്റ്റോക്കിലെടുത്തതിന്റെയോ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെയോ ആധികാരിക രേഖയില്ല. കൂടാതെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് 67500/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശം ഖ. 1-23 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24 തീയതി 22.01.2020) മറുപടി ലഭിച്ചില്ല. അതിനാൽ ഹോർലിക്സ്, ഓട്ട്സ്, റാഗി എന്നിവ വാങ്ങിയതിന്റെ ചെലവ് 69150/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഇടാക്കേണ്ടതാണ്.

### 3-4 വാർഡ് 6, തളിക്കശ്ശേരിൽ റോഡിൽ ഓട നിർമ്മാണം-ടെണ്ടർ നടപടികളിലെ അപാകതകൾ

തളിക്കശ്ശേരിൽ റോഡിൽ ഓട നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി 28.12.2016ലെ ടെണ്ടറിൽ രണ്ട് പേർ പങ്കെടുത്തിട്ടുള്ളതാണ്. കെ.സുകുമാരൻ എന്ന കരാറുകാരൻ 10.99% കുറവായ നിരക്കും ഡി.ശ്രീകുമാർ എന്ന കരാറുകാരൻ 5.21% കുറവായുമാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. പിന്നീട് ടെണ്ടർ നടപടികളൊന്നും തൻവർഷം സ്വീകരിച്ചതായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഫയലിൽ ഡി.ശ്രീകുമാർ എന്ന വ്യക്തിയുടെ 31.01.2017 ലെ എസ്റ്റിമേറ്റ് നിരക്കായുള്ള ടെണ്ടർ ഫോം ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 23.02.2017 ൽ ടി വ്യക്തിയുമായി കരാർ ചമച്ചിട്ടുമുണ്ട്. ആദ്യ ടെണ്ടറിലെ 10.99% കുറവായ ടെണ്ടർ പരിഗണിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം അംഗീകരിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അംഗീകരിച്ചത് കാരണം 22036/- രൂപയുടെ (എം ബുക്ക് പ്രകാരം ആകെ മൂല്യം-200513x10.99%=22036) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| | |
|---|---|
| എസ്റ്റിമേറ്റ് | 204528 |
| കരാർ നം. | 33/16-17/23.02.2017 |
| എം ബുക്ക് നം. | 419/17-18 |
| ചെലവ് തുക | 200513, ബിൽ നം : 15/08.08.18 |

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സുകുമാരൻ എന്ന കരാറുകാരന്റെ ടെണ്ടറിൽ മതിയായ രേഖകൾ ഇല്ലായിരുന്നു എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ഏതൊക്കെ രേഖകളാണെന്ന് വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച് എന്തെങ്കിലും കമ്മറ്റി തീരുമാനം ഉള്ളതായും വ്യക്തമല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | - |
| | | 300000 | പാലിയേറ്റീവ് കെയർ | 300000 | - |
| | | 815138 | ലൈഫ് ഭവന പദ്ധതി | 815138 | - |
| | | 100000 | സ്കോളർഷിപ്പ് | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അംഗനവാടി പോഷകാഹാരം | 100000 | - |
| | | 100000 | സ്കോളർഷിപ്പ് | 100000 | - |
| | | 1213051 | ലൈഫ് ഭവന പദ്ധതി | 1213051 | .- |

**4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21800559/16.11.2018 | 147000 | - | 1,47,000 |

**4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഇല്ല

**4-4. വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ(സാ) നമ്പർ.268/2010 /തസ്വഭവ. തീയതി, 23.01.200 | 9736330 | 1732105 | 989700 | - | 742405 |
| ലൈഫ് ഭവന പദ്ധതി | | 22316097 | | | | 22316097 |

**4-5. സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-6. ഓഡിറ്റ് റിക്കവറി**

ഇല്ല

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

**ഇല്ല**

**4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം**

**ഇല്ല**

**4-9. ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74833215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71138867 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 156352 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3521880 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8125 | ആർ. സുനിൽ കുമാർ,<br>കൃഷി ഓഫീസർ |
| 3-2 | | 57041 | ആർ. സുനിൽ കുമാർ,<br>കൃഷി ഓഫീസർ |
| 3-3 | | 69150 | ഡോ. ലാവണ്യ രോഹിത്,<br>എം.ഒ, പി.എച്ച്.സി |
| 3-4 | | 22036 | ഷാജിലാൽ.കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | | 156352 | |

(സി ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-23 | 219318 | ഡോ. ലാവണ്യ രോഹിത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-25 | 807062 | രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 48500 | നസീന.എ, എച്ച്.എം |
| 1-29 | 147000 | സിന്ദു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-30 | 2300000 | ഡോ വിനായകുമാർ, വെറ്ററിനറി സർജൻ |
| ആകെ | 3521880 | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**( ഇ ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| സിന്ദു ബാലകൃഷ്ണൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് | കൊച്ചാല്യംമൂട്ടിൽ ഹൗസ്<br>ചിങ്ങോലി.പി.ഒ,<br>ആലപ്പുഴ |
| ഡോ.വിനയ കുമാർ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കർത്തികപ്പള്ളി | ദ്വാരക, വലിയകുഴി, മുട്ടം പി.ഒ |
| നസീന.എ,<br>എച്ച്.എം,ഗവ.യു.പി.എസ് | എച്ച്.എം.<br>ഗവ.യു.പി.എസ് | വലിയപറമ്പിൽ,<br>ആറാട്ടുപുഴ.പി.ഒ. |
| ഷാജിലാൽ കെ,<br>അസിസ്റ്റൻറ് എഞ്ചിനിയർ | ലഭ്യമല്ല | കോടിയിൽ ഹൌസ്,<br>വലിയവിള,<br>മയ്യനാട് പി.ഒ, കൊല്ലം |
| രാജൻ.സി,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>തൃക്കുന്നപ്പുഴ | ഷൈലജ ഭവൻ,<br>ചുനക്കര.പി.ഒ. |
| ഡോ.ലാവണ്യ രോഹിത് | മെഡിക്കൽ ഓഫീസർ,<br>കർത്തികപ്പള്ളി പി.എച്ച്.സി | ശ്രീപാർവ്വതി,കോമന,<br>അമ്പലപ്പുഴ |
| ആർ. സുനിൽ കുമാർ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കാർത്തികപ്പള്ളി പഞ്ചായത്ത് | ദേവദേയം, ഇളമണ്ണൂർപി.ഒ,<br>പത്തനംതിട്ട |

**4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2002-03 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2006-07 | എൽ.എഫ്.എ.പി.3/53/11/13.07.2012 |
| 2007-08 | എൽ.എഫ്.എ.പി.3/53(1)/11/18.04.2012 |
| 2008-09 | എൽ.എഫ്.എ.പി.3/1209/11/18.04.2012 |
| 2009-10 | എൽ.എഫ്.എ.പി.3/1210/11/18.04.2012 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.3/9/13/15.02.2013 |
| 2012-13 | എൽ.എഫ്.എ.പി.3/1001/14/08.12.2014 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്-പി3/1035/15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.3/1417/15/23.11.15 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.3/1251/16/08.11.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.3/1036/17/04.08.17 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.3/94/2019/10.01.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

2018-19 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

**വാർഷിക കണക്കിലെ അപാകതകൾ**

പൊതു അപാകതകൾ

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) എന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്ററിൽ മുൻ കാലങ്ങളിലെ ആസ്തികൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികൾ ആർജിച്ചത്, വിറ്റൊഴിയൽ കാലയളവുകൾ രേഖപ്പെടുത്താത്തതിനാൽ ഡിപ്രീസിയേഷൻ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്**

RP 40(a), 40(b) എന്നിവയിൽ ട്രഷറി (TPഅക്കൌണ്ട്) ൽ 507/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അക്കൌണ്ട് നിഷ്ക്രിയമായതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാൻ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. അക്കൌണ്ട് ക്ലോസ് ചെയ്തിട്ടുമില്ല.

**ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്**

NREGA ചെലവ് EFMS സ്റ്റേറ്റ്മെൻറ് പ്രകാരം 5,81,60,000/- രൂപയും വാർഷിക കണക്കിൽ 1-6 ൽ 5,81,47,729/- രൂപയും ആണ്.

**ബാലൻസ് ഷീറ്റ്**

D & O അറിയർ ഇനത്തിൽ B-15 ഷെഡ്യൂളിൽ 4,320/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷ അക്കൌണ്ട്സിലും രേഖപ്പെടുത്തൽ ഉണ്ടായിരുന്നു. എന്നാൽ രജിസ്റ്ററിൽ ബാലൻസ് രേഖപ്പെടുത്തിയില്ല.

2018-19 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ .

**വാർഷിക കണക്കിലെ അപാകതകൾ**

പൊതു അപാകതകൾ

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) എന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്ററിൽ മുൻ കാലങ്ങളിലെ ആസ്തികൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികൾ ആർജിച്ചത്, വിറ്റൊഴിയൽ കാലയളവുകൾ രേഖപ്പെടുത്താത്തതിനാൽ ഡിപ്രീസിയേഷൻ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്**

RP 40(a), 40(b) എന്നിവയിൽ ട്രഷറി (TPഅക്കൌണ്ട്) ൽ 507/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അക്കൌണ്ട് നിഷ്ക്രിയമായതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാൻ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുമില്ല.

**ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെൻറ്**

NREGA ചെലവ് EFMS സ്റ്റേറ്റ്മെന്റ് പ്രകാരം 5,81,60,000/- രൂപയും വാർഷിക കണക്കിൽ 1-6 ൽ 5,81,47,729/- രൂപയും ആണ്.

**ബാലൻസ് ഷീറ്റ്**

D & O അരിയർ ഇനത്തിൽ B-15 ഷെഡ്യൂളിൽ 4,320/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷ അക്കൌണ്ട്സിലും രേഖപ്പെടുത്തൽ ഉണ്ടായിരുന്നു. എന്നാൽ രജിസ്റ്ററിൽ ബാലൻസ് രേഖപ്പെടുത്തിയില്ല.

## അനുബന്ധം-2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ